# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 657** 28.02.2017-ൽ **മറുപടിക്ക്**

## പാറശ്ശാല മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

| | ചോദ്യം<br><br>ശ്രീ. സി.കെ. ഹരീന്ദ്രൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പാറശ്ശാല മണ്ഡലത്തിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ അടിയ ന്തരമായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരി ക്കുമോ ; | (എ) | പാറശ്ശാല മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 8 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു കഴിഞ്ഞു.2017-18 - ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി12 ട്രാൻസ്ഫോർമറുകൾ കൂടി സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ഇ.ബി. യിൽ കരാർ ജോലിയിൽ ഏർപ്പെട്ടിരുന്ന തൊഴി ലാളികളിൽ വൈദ്യുതാഘാതമേറ്റ് മരിച്ചവർക്ക് ആശ്രിത നിയമനം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (ബി) | ഇല്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തി വരുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സ്ഥിരം ജീവനക്കാരാ യിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് മാത്രമായി ആശ്രിത നിയമനത്തിലെ വ്യവസ്ഥകൾ പ്രകാരം സ്ഥിര നിയമനം പരിമിതപ്പെട്ടു ത്തിയിരിക്കുന്നു. |
| (സി) | ഇത്തരത്തിൽ ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ? | (സി) | ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ പവർഹൗസിൽ പുനരുദ്ധാരണ ജോലികൾ നടക്കവെ 16-05-2008-ന് ജനറേറ്റർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ മരണപ്പെട്ട കരാർ ജീവനക്കാരനായ ശ്രീ.അനിൽകുമാറിന്റെ സഹോദരൻ ശ്രീ.സതീഷ് കുമാറിന് 27-05-2008-ലെ സർക്കാർ ഉത്തരവ് നമ്പർ.14/2008 ഊ.വ മുൻനിറുത്തി 09-12-2013 -ലെ ബോർഡ് ഉത്തരവ് (FTM)No.2628/2013 (Estt.II/ 5218/2010) പ്രകാരം ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിൽ കേരള |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിയമനം നല്കിയിട്ടുണ്ട്.കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ കരാർ ജീവനക്കാരനായി കൊട്ടിയം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ജോലി നോക്കി വന്നിരുന്ന ശ്രീ.സുനിൽകുമാർ വൈദ്യുതാഘാതത്താൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാൻ അപകടത്തിൽപ്പെടുന്നതിനുമുമ്പ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലേയ്ക്ക് നിയമനത്തിനായി അഡ്വൈസ് ചെയ്തത് പരിഗണിച്ച് 23-08-2014-ലെ നമ്പർ GO(MS) No.29/14/PD പ്രകാരമുള്ള സർക്കാർ ഉത്തരവ് മുൻനിറുത്തി 15-05-2015 -ലെ ബോർഡ് ഉത്തരവ് (FTD)No.1214/2015 (Estt.II/ 2566/2015) പ്രകാരം ടിയാന്റെ ഭാര്യ ശ്രീമതി.എസ്.രജനിയ്ക്ക് ഓഫീസ് അറ്റൻഡന്റ്-II തസ്തികയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിയമനം നല്കിയിട്ടുണ്ട്.<br><br>മേൽ സൂചിപ്പിച്ചിട്ടുള്ള അപകടമരണങ്ങൾ ആയത് സംഭവിയ്ക്കാനിടയാക്കിയ അപൂർവ്വ സാഹചര്യം കണക്കിലെടുത്ത് special case - ആയി പരിഗണിച്ച്, മാനുഷിക പരിഗണനയ്ക്ക് മുൻതൂക്കം നല്കി, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1988-ലെ Part 2, Rule-39 പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലനിന്നു വരുന്ന നിയമന ചട്ടങ്ങളിൽ ഇളവ് വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള തിനാൽ മാത്രം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിയമനം നല്കുന്നതിന് പരിഗണിച്ചിട്ടുള്ളവയാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ**